# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3509 14.03.2017 ൽ മറുപടിയ്ക്ക്

## സൈബർ പോലീസ് സ്റ്റേഷനുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | സൈബർ കുറ്റകൃത്യങ്ങൾ അധികരിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സൈബർ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ; വാട്ട്സാപ്പ്, ഫേസ്ബുക്ക് പോലുള്ള സോഷ്യൽ മീഡിയവഴി ഉണ്ടാകുന്ന കേസുകളിൽ തെളിവ് ശേഖരിക്കുന്നതിന് സൈബർ സെല്ലുകൾക്കുള്ള പരിമിതികളും പോരായ്മകളും സാങ്കേതിക തടസ്സങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | 225 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.വാട്ട്സാപ്പ്, ഫേസ്ബുക്ക് പോലുള്ള സോഷ്യൽ മീഡിയവഴി ഉണ്ടാകുന്ന കേസുകൾക്ക് അതാത് കമ്പനികളെ ആശ്രയിച്ച് വിവരങ്ങൾ ലഭ്യമാക്കി തെളിവ് ശേഖരണം നടത്തുന്നതിന് കാലതാമസം നേരിടുന്നുണ്ട്. |
| (സി) | ഇത് ഒഴിവാക്കാൻ സർക്കാർ എന്തു നടപടികളാണ് ഉദ്ദേശിക്കുന്നത്; സംസ്ഥാനത്ത് സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ സർക്കാർ ആലോചനയോ തീരുമാനമോ കൈക്കൊണ്ടിട്ടുണ്ടോ; | (സി) & (ഡി) | സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ, ജില്ലാ തലത്തിൽ സൈബർ പോലീസ് സ്റ്റേഷനുകൾ എന്നിവ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (ഡി) | ഇത് ഏതൊക്കെ ജില്ലകളിലാണ് സ്ഥാപിക്കുന്നതെന്നും എന്നത്തേക്ക് സാധ്യമാകുമെന്നും വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ.

LAI /Y1/31593/2017 (G1/174/LAI/SCRB/2017

Cyber Crimes

-19-

| District | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം |
|---|---|
| TVM C | 28 |
| TVM.R | 19 |
| KLM C | 7 |
| KLM R | 10 |
| PTA | 1 |
| ALP | 9 |
| KTM | 19 |
| IDK | 6 |
| EKM C | 33 |
| EKM R | 18 |
| TSR C | 7 |
| TSR R | 16 |
| PKD | 9 |
| MPM | 15 |
| KKD C | 6 |
| KKD R | 8 |
| WYD | 6 |
| KNR | 5 |
| KSD | 3 |
| RLYS | 0 |
| **Total** | **225** |

സെക്ഷൻ ഓഫീസർ.